# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2158     11/03/2020-ൽ മറുപടിക്ക്

### സ്മാർട്ട് മീറ്ററും മീറ്റർ റീഡർ തസ്തികയും

| | ചോദ്യം<br><br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**,, പി.ഉബൈദുള്ള** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | 200 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) | കേന്ദ്രസർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്ന ഉദയ് പദ്ധതിയിൽ കേന്ദ്രസർക്കാരും കേരള സർക്കാരും കെ എസ് ഇ ബിയും തമ്മിൽ ഒപ്പിട്ട ത്രികക്ഷി കരാർ പ്രകാരം കെ.എസ്.ഇ.ബി 2017 ഡിസംബർ 31 ഓടെ പ്രതിമാസം 500 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും, 2019 ഡിസംബർ 31 ഓടെ പ്രതിമാസം 200 യൂണിറ്റുകളിൽ കൂടുതൽ ഉപയോഗിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കേണ്ടതാണ്.<br>കേന്ദ്ര പദ്ധതിയായ സംയോജിത ഊർജ്ജ വികസന പദ്ധതിയിൽ കേരളത്തിലെ 6 കോർപ്പറേഷനു കീഴിലുള്ള 17 ഇലക്ട്രിക്കൽ സെക്ഷനിൽ 3.218 ലക്ഷം ഉപഭോക്താക്കളുടെ നിലവിലുള്ള മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | തന്മൂലം കെ.എസ്.ഇ.ബി മീറ്റർ റീഡർ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം സംജാതമാകുമോ; | (ബി) & (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരെ കൂടുതൽ ഉത്തമീകരിക്കുന്നതിനും, അനുയോജ്യമായ രീതിയിൽ പുനർവിന്യസിക്കുന്നതിലേയ്ക്കുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പുനഃസംഘടനാ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തിക കളിലെ യോഗ്യത നിശ്ചയിക്കുന്നത് സംബന്ധിച്ച് പൊതുവായ സവിശേഷ ചട്ടങ്ങളുടെ (Special Rules) രൂപീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (സി) | ഉദയ് ത്രികക്ഷി കരാർ പ്രകാരം 200 യൂണിറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്ന എല്ലാ ഉപഭേക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ കെ.എസ്.ഇ.ബി നിർബന്ധിതമാകുമെന്നിരിക്കെ, മീറ്റർ റീഡർമാർക്ക് പ്രത്യേക പരിശീലനം നൽകി കെ.എസ്.ഇ.ബിയ്ക്ക് പ്രയോജനപ്പെട്ടത്താവുന്ന വിധം അവരുടെ ജോലി പു:നർനിർണ്ണയിക്കുന്നതിനും തസ്തിക നഷ്ടപ്പെടാതിരിക്കുന്നതിനും പദ്ധതി തയ്യാറാകുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ